2008
ജൂൺ 20
വെള്ളി

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 MONDAY JUNE 20 , 2008 JAMA'DUL AKHIR 16, 1429. PAGE 16, ISSUE 3367

# എൽ.എം.ആർ.എ രജിസ്ട്രേഷൻ ഫെസ്റ്റിവെൽ 29 വരെ നീട്ടി

എം. സുരേഷ് കുമാർ


*വഹീദ് അൽ ബലൂശി*

മനാമ: ബഹ്റൈൻ ഇൻറർനാഷനൽ എക്സിബിഷൻ സെൻററിൽ നടന്നുവരുന്ന ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റിയുടെ രജിസ്ട്രേഷൻ ഫെസ്റ്റിവൽ ഈ മാസം 29 വരെ നീട്ടി.

നേരത്തെ ഈ മാസം 21ന് അവസാനിപ്പിക്കാനായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ ഇനിയും എൻറോൾ ചെയ്യാത്തവർക്ക് അവസരമൊരുക്കാനാണ് ശ്രമിക്കുന്നതെന്ന് ഇ-സർവീസ് ആൻറ് പബ്ലിക് റിലേഷൻസ് മാനേജർ വഹീദ് അൽ ബലൂശി 'ഗൾഫ് മാധ്യമ'ത്തോട് പറഞ്ഞു.

ഈ മാസം നാലിന് ആരംഭിച്ച ഫെസ്റ്റിവലിനിടെ 80,000 ലധികം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 40,752 ഇന്ത്യക്കാരും 20,985 ബംഗ്ലാദേശികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാക്കിസ്ഥാൻ 6,591, ഫിലിപ്പീൻ 3,172, നേപ്പാളി 2,309, ശ്രീലങ്ക 994, മറ്റ് ദേശക്കാർ 5,375 എന്നിങ്ങനെയാണ് ബുധനാഴ്ച വരെയുള്ള കണക്ക്. വെള്ളി, ശനി ദിവസങ്ങളിലടക്കം രാവിലെ 6.30 മുതൽ രാത്രി 10.30 വരെ എക്സിബിഷൻ സെൻററിൽ എൻറോൾ ചെയ്യാൻ അവസരമുണ്ട്.

അടുത്ത മാസം ഒന്നു മുതൽ വർക്ക് വിസ നൽകുക, പുതുക്കുക എന്നിവ എൽ.എം.ആർ.എയുടെ പരിധിയിലാകും. ഇതിൻെറ ഭാഗമായി തൊഴിൽ വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിക്കുന്നത് തിങ്കളാഴ്ച മുതൽ നിർത്തിവെക്കും.

വിദേശ തൊഴിലാളിക്കും കുടുംബത്തിനും എൻറോൾ ചെയ്യാൻ സി.പി.ആർ കാർഡിൻെറ കോപ്പി മാത്രം മതിയാകും. കാർഡ് ലഭിക്കാത്തവർക്ക് സി.പി. ആർ ഓഫീസിൽ നിന്നുള്ള സ്ലിപ്പും പാസ്പോർട്ടും ഹാജരാക്കിയാൽ മതിയെന്നും അദ്ദേഹം പറഞ്ഞു.

രജിസ്റ്റർ ചെയ്യാൻ എത്തുന്നവർക്ക് വിപുലമായ സൗകര്യമാണുള്ളത്. നിരവധി ആളുകൾ എത്തുന്നുണ്ടെങ്കിലും തിക്കും തിരക്കും അനുഭവപ്പെടുന്നില്ല. ഒരാൾക്ക് 15 മിനിറ്റിനകം നടപടികൾ പൂർത്തിയാക്കി മടങ്ങാനാകും. ആവശ്യമുള്ള രേഖകളുമായി എത്തുന്ന ആരെയും അവിടെ നിന്ന് മടക്കി അയക്കുന്നില്ല.

നേരത്തെ രജിസ്റ്റർ ചെയ്ത വ്യക്തി പുതിയ കമ്പനിയിലേക്ക് മാറിക്കഴിഞ്ഞാൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലെന്ന് അദ്ദേഹം ചോദ്യത്തിന് മറുപടി നൽകി. പുതിയ സ്ഥാപനത്തിൻെറ തൊഴിലുടമയാണ് പുതിയ തൊഴിലാളിയെ കുറിച്ചുള്ള വിവരം എൽ.എം.ആർ.എയിൽ നൽകേണ്ടത്.

കമ്പനി രജിസ്റ്റർ ചെയ്യുക, വിവരങ്ങൾ പുതുക്കുക എന്നിവ തൊഴിലുടമയുടെ ചുമതലയാണ്. എൻറോൾ ചെയ്യുക മാത്രമാണ് തൊഴിലാളിയുടെ പരിധിയിൽ വരുന്ന കാര്യം. കഴിഞ്ഞ ദിവസങ്ങളിലെ കണക്കുകളനുസരിച്ച് ലക്ഷത്തോളം വിദേശികളാണ് രജിസ്റ്റർ ചെയ്യാനുള്ളതെന്നും അദ്ദേഹം പറഞ്ഞു.